TUESDAY 28-06-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Sunilkumar R        Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/06/2022.

1. ജൂൺ 30 വരെ തിരുവനന്തപുരം പൂജപ്പുര മണ്ഡലത്തിലും സമീപത്തുമായി ഞാറ്റുവേല ചന്തയും സെമിനാറുകളും കർഷകരുടെ അനുഭവം പങ്കുവയ്ക്കലും വിവിധ കലാ പരിപാടികളും നടത്തപ്പെടുന്നു. മേളയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ ഫാമുകൾ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, വി എഫ് പി സി കെ, കയർഫെഡ്, ബയോ ടെക്നോളജി ആൻഡ് ഫ്ളോറികൾച്ചർ സെന്റർ, സംരംഭകർ തുടങ്ങി വിവിധ സർക്കാർ അർദ്ധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തമുണ്ടാകും. ഞാറ്റുവേല ചന്തയിൽ വിഷരഹിത നാടൻ പഴങ്ങൾ, പച്ചക്കറികൾ, അലങ്കാരച്ചെടികൾ, ഫലവൃക്ഷതൈകൾ, കിഴങ്ങുവർഗങ്ങൾ, ഇലക്കറികൾ, കയർ ഉത്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവയുടെ പ്രദർശനവും ഉണ്ടാകും. ഞാറ്റുവേലകളുടെ കൈമാറ്റവും, തലമുറകളുടെ സംവാദവും, കാർഷിക ലഘുരേഖകളുടെ വിതരണവും ഞാറ്റുവേല ചന്തയുടെ ഭാഗമായുണ്ടാകും. കാർഷിക സേവന ദാതാക്കളായ കാർഷിക കർമസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയുടെ സേവനം തിരുവനന്തപുരം നഗരത്തിന് ലഭ്യമാക്കാൻ പ്രത്യേക കൗണ്ടറുകളും സജ്ജീകരിക്കുന്നുണ്ടെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു

2. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനിൽ WCT തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാണ്. ആവശ്യമുള്ളവർ കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങണമെന്ന് കൃഷിഫീൽഡ് ഓഫീസർ അറിയിച്ചു.

3. തിരുവനന്തപുരം സിറ്റി കോർപ്പറേഷനിൽ നിന്നും പി.എം. കിസാൻ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചു കൊണ്ടിരിക്കുന്ന കർഷകർ കരം അടച്ച രസീതിന്റെ (പുതിയത്) പകർപ്പ്, ആധാറിന്റെ പകർപ്പ്, മൊബൈൽ ഫോൺ എന്നിവ സഹിതം അക്ഷയകേന്ദ്രം, ഡിജിറ്റൽ സേവാ കേന്ദ്രം എന്നിവ മുഖേന വസ്തുവിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ജൂൺ 30-നകം അപ്ഡേറ്റ് ചെയ്തില്ലെങ്കിൽ തുടർന്നുള്ള ആനുകൂല്യം ലഭിക്കുകയില്ലെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ക്ഷീരവികസന വകുപ്പ് 2022-23 സാമ്പത്തിക വർഷത്തിൽ 20 സെന്റിനു മുകളിൽ **പുൽകൃഷി** നടപ്പിലാക്കുന്നതിനു സബ്സിഡി നൽകുന്നു. താൽപര്യമുള്ള കർഷകർക്ക് **ജൂലൈ 10** വരെ ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

5. കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, തിരുവാതിര ഞാറ്റുവേലയുടെ ആരംഭത്തോടനുബന്ധിച്ച് ജൂൺ 29 വരെ ഞാറ്റുവേല ചന്ത സംഘടിപ്പിക്കുന്നു.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ കേരള ചിക്കൻ) ഉത്പാദിപ്പിക്കുന്ന ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലയിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ കെപ്കോ കേരള ചിക്കൻ ഔട്ട്ലെറ്റുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജൂലായ് 8-ന് മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ജൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000918, 9495000921** എന്നീ ഫോൺ നമ്പരുകളിലോ, kspdc@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. ജനാധിപത്യ വ്യവസ്ഥയനുസരിച്ച് മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുക എന്നതാണ് ഭരണകൂടത്തിന്റെയും സിവിൽ സർവീസിന്റെയും കടമ. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുക എന്നതെന്ന് കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു. കൃഷിവകുപ്പിന്റെ ഫയൽ തീർപ്പാക്കൽ യജ്ഞം സെക്രട്ടറിയേറ്റിൽ ഉദ്ഘാടനം ചെയ്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. മെയ് 31 വരെയുള്ള കണക്കനുസരിച്ച് കൃഷിവകുപ്പ് സെക്രട്ടറിയേറ്റിൽ 6292 ഫയലുകൾ , കൃഷി ഡയറക്ടറേറ്റിൽ 29599 ഫയലുകൾ, മണ്ണ് സംരക്ഷണ മണ്ണ്

പര്യവേഷണ വകുപ്പ് ഡയറക്ടറേറ്റിൽ 4331, കാർഷിക സർവകലാശാലയിൽ 14800 ഫയലുകൾ എന്നിങ്ങനെയാണ് തീർപ്പുകൽപ്പിക്കാനുള്ള ഫയലുകളുടെ കണക്ക്. ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുള്ളതായി മന്ത്രി അറിയിച്ചു. സെക്രട്ടറിയേറ്റ് തലം, ഡയറക്ടറേറ്റ് തലം, ജില്ല ഓഫീസ് തലം, കീഴ് ഓഫീസുകൾ എന്നിങ്ങനെ 4 തട്ടുകളിലായി 3 അദാലത്തുകൾ വീതം സംഘടിപ്പിക്കുവാനും ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ജൂലൈ 15 നകവും ഡയറക്ടറേറ്റ് തലത്തിൽ സെപ്റ്റംബർ 15 നകവും സെക്രട്ടറിയേറ്റ് തലത്തിൽ സെപ്റ്റംബർ 30 നകവും ഫയൽ തീർപ്പാക്കൽ പൂർത്തീകരിക്കുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഫയൽ തീർപ്പാക്കൽ യജ്ഞം ആരംഭിച്ച ആദ്യ മണിക്കൂറിൽ തന്നെ 30 ഫയലുകൾ തീർപ്പുകൽപ്പിച്ചതായി കൃഷി മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ ഏറ്റവും മികച്ച മുതിർന്ന കർഷകന് അവാർഡ് ഏർപ്പെടുത്തുവാനുള്ള തത്വത്തിലുള്ള തീരുമാനം, സംസ്ഥാനതല അവാർഡ് നിർണയിക്കുമ്പോൾ ജില്ലാ/ പഞ്ചായത്ത്/ കേന്ദ്രസർക്കാർ അവാർഡുകൾക്ക് കൂടി മുൻഗണന നൽകിക്കൊണ്ട് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള തീരുമാനം, കടാശ്വാസകമ്മീഷൻ ആവശ്യപ്പെടുന്ന രേഖകൾ ലഘൂകരിക്കുന്നതിനായി AIMS പോർട്ടൽ രജിസ്ട്രേഷൻ കർഷകനാണെന്നുള്ള സാക്ഷ്യപ്പെടുത്തലിന് സമാനമാക്കുന്നതിനുള്ള തീരുമാനം, കോൾ പാടങ്ങളിലെ പമ്പിംഗ് സബ്സിഡി മറ്റു പ്രദേശങ്ങളിലേതുപോലെ ക്രമീകരിക്കുന്നതിനുള്ള തീരുമാനം എന്നിവ ആദ്യ മണിക്കൂറിൽ തീർപ്പുകൽപ്പിച്ച പ്രധാന ഫയലുകളിൽ ഉൾപ്പെടും.

**പരിശീലന പരിപാടികൾ**

8. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി **'പഴം – പച്ചക്കറി സംസ്കരണം'** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി നാളെ **(29.6.2022)** തിരുവനന്തപുരം വെള്ളായണി , കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30-ന് (30.06.2022) രാവിലെ 10 മണി മുതൽ 4 മണി വരെ **പോത്ത് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **0491– 2815454** വിളിച്ചോ **9188522713** എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് വാട്സാപ്പ് മെസ്സേജ് അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കരുതേണ്ടതാണ് എന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

**കേരള കാർഷിക സർവകലാശാല നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

10. തുടർച്ചയായ മഴയും വെള്ളക്കെട്ടും മൂലം പയറിൽ ഫ്യൂസേരിയം മൂലമുള്ള വാട്ടരോഗം കാണാൻ ഇടയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ രണ്ട് മി.ലി കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്കവിധം 15 ദിവസം ഇടവിട്ട് മാറി മാറി ഒഴിച്ചു കൊടുക്കാവുന്നതാണ്. മഴക്കാലത്ത് പയർ, മുളക് എന്നിവയിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.

11. അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. ഒരു കിലോ ട്രൈക്കോഡെർമ, 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക.